"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ്-ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം- സംസ്ഥാന ആസൂത്രണ ബോർഡിലെ ക്ലാർക്ക് ശ്രീ. രാജേഷ് മുക്കായി കാരായിക്ക് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.108/2026/AYUSH തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 5/2013/ഉ.ഭ.പ.വ തീയതി 06.02.2013
2. ശ്രീ.ചന്ദ്രൻ .എം -ന്റെ തീയതി വയ്ക്കാത്ത G3251100554 നമ്പർ CMO Portal അപേക്ഷ
3. സംസ്ഥാന ആസൂത്രണ സാമ്പത്തിക ബോർഡിന്റെ 06.11.2024 ലെ എസ്.പി.ബി -ഇ.എസ്.റ്റി/120/2024-ഇ3 നമ്പർ നിരാക്ഷേപ പത്രം
4. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.11.2025 , 24.01.2025 , 20.02.2026 തീയതികളിലെ ഇ5/40/2025/ഡിഎഎംഇ നമ്പർ കത്തുകൾ

**ഉത്തരവ്**

കണ്ണൂർ ജില്ലാ പി.എസ്.സി (ബൈ ട്രാൻസ്ഫർ) റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേക്ക് നിയമിതനായി, 01.08.2024 മുതൽ തിരുവനന്തപുരം സംസ്ഥാന ആസൂത്രണ ബോർഡ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. രാജേഷ് മുക്കായി കാരായി -ക്ക് തുടർചികിത്സയുടെ ഭാഗമായി മാതൃ ജില്ലയായ കണ്ണൂർ ജില്ലയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് പരാമർശം (3) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുമുണ്ട്.

2.സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിധിയിൽ കണ്ണൂർ ജില്ലയിൽ ജില്ലാ പ്ലാനിംഗ് ഓഫീസ് മാത്രമേ നിലവിലുള്ളൂ എന്നും, അവിടെ അടുത്ത അഞ്ച് വർഷത്തിനകം ക്ലാർക്ക് തസ്തികയിൽ ഒഴിവ് ഉണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ശ്രീ.രാജേഷ് മുക്കായി കാരായി-യെ

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസിലെ ക്ലാർക്ക് തസ്തികയിൽ നിയമിക്കാൻ കഴിയില്ലായെന്നും സംസ്ഥാന ആസൂത്രണ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3.കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ 24/06/2025-ന്ന ജീവനക്കാരുടെ സ്ഥാനക്കയറ്റം നടന്നതിനെ തുടർന്ന് ക്ലാർക്ക് തസ്തികയിൽ ഒഴിവ് വന്നിട്ടുള്ളതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ശ്രീ.രാജേഷ് മുക്കായി കാരായിക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഖണ്ഡിക 3(ix) ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡിലെ ക്ലാർക്ക് ശ്രീ. രാജേഷ് മുക്കായി കാരായിക്ക്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ നിലവിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം ,തിരുവനന്തപുരം

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.ആയുർവേദ കോളേജ് , കണ്ണൂർ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep R S
Date: 24-02-2026 17:08:12

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്